TB Weekly Movie Review

**#moviepanel**

ജാൻ.എ.മൻ

Written by: Arjun Anand

ഏകദേശം രണ്ടു വർഷത്തോളം നീണ്ടു നിന്ന കോറോണയുടെ ദുരിതപെയ്ത്തിനു ശേഷം സിനിമപ്രേമികൾക്ക് വീണ്ടും ആഘോഷനാളുകളുടെ വരവ് അറിയിച്ചുകൊണ്ട് തീയേറ്ററുകൾ വീണ്ടും സജീവമായി തുടങ്ങി...ഒട്ടനവധി ചിത്രങ്ങൾ ആണ് തീയേറ്റർ റിലീസിനായി തയ്യാറായി ഇരിക്കുന്നത്... സമീപകാലത്തു മലയാളത്തിൽ ത്രില്ലറുകളുടെ അതിപ്രസരം ആണ്.. കുടുംബത്തോടെ തീയേറ്ററിൽ പോയി പൊട്ടിച്ചിരിപ്പിക്കുന്ന മുഴുനീള കോമഡി എന്റെർറ്റൈൻറുകൾക്ക് കുറച്ചു കാലമായി ക്ഷാമം ആണ്..ആ ക്ഷാമം ചെറുതായിട്ടെങ്കിലും ഒന്ന് പരിഹരിക്കാൻ എന്ന പോലെ എത്തിയ ചിത്രം ആണ് ജാൻ എ മൻ...ഡാർക്ക് ത്രില്ലറുകൾക്കും (ത്രില്ലറുകൾ മോശം എന്നല്ല ) മൾട്ടിലയെർഡ് കഥ പറച്ചിലുകൾക്കും ഒക്കെ ഇടയിൽ പ്രേക്ഷകനെ ഒരുപാട് അങ്ങ് തല പുകയ്ക്കാൻ വിടാതെ ലളിതമായ ചില മുഹൂർത്തങ്ങളും ആരെയും നോവിക്കാത്ത കുറച്ചു നല്ല തമാശകളും ആയി എത്തിയ ഫീൽ ഗുഡ് കോമഡി എന്റെർറ്റൈനെർ ആണ് ജാൻ എ മൻ...

ഒരു നാട്ടുമ്പുറത്തെ വഴിയുടെ രണ്ടു വശങ്ങളിലും ഉള്ള രണ്ടു വീടുകളിൽ യാദൃശ്ചികമായി ഒരേ സമയം അങ്ങേയറ്റം വൈപരീത്യം ഉള്ള രണ്ട് ചടങ്ങുകൾ നടക്കേണ്ടി വരികയും തുടർന്ന് രണ്ടു കുടുംബങ്ങൾക്കിടയിലും ഉണ്ടാകുന്ന പ്രശ്നങ്ങളും രസകരമായ സംഭവങ്ങളുമാണ് ചിത്രം പറയുന്നത്...കാനഡയിൽ നേഴ്സ് ആയി ജോലി നോക്കുന്ന ജോയ്മോനിൽ നിന്നാണ് ചിത്രം ആരംഭിക്കുന്നത്...അതിശത്യത്തിന്റെയും ഒറ്റപെടലിന്റെയും പരിണിതഫലമായി ഡിപ്രെഷനിലേക്ക് നീങ്ങിക്കൊണ്ടിരുന്ന ജോയ്മോൻ സുഹൃത്തുക്കളെയും വീട്ടുകാരെയും ഒക്കെ കാണാനും തന്റെ ജന്മദിനം അവരോടൊപ്പം ആഘോഷിക്കുവാനും വേണ്ടി തന്റെ ബാല്യകാല സുഹൃത്ത് സാമ്പത്തിന്റെയും ഫൈസലിന്റെയും അരികിൽ എത്തുന്നത് മുതൽ ഉള്ള ഒരു ദിവസത്തെ കഥ ആണ് രണ്ടേകാൽ മണിക്കൂറിൽ പ്രേക്ഷകന്റെ മുൻപിലേക്ക് എത്തുന്നത്..

ജോയ്മോൻ ആയി എത്തിയ ബേസിൽ ജോസെഫിന്റെ തനത് ശൈലിയിൽ ഉള്ള പ്രകടനവും സന്ദർഭോചിതമായ തമാശകളും ആണ് സിനിമയുടെ ഹൈലൈറ്റ്...സമ്പത്തായി വേഷമിട്ട അർജുൻ അശോകനും ഫൈസൽ ആയി വേഷമിട്ട ഗണപതിയും മികച്ച പ്രകടനങ്ങളുമായി

ബേസിലിനൊപ്പം ഉണ്ട്..എടുത്തു പറയേണ്ടുന്ന മറ്റൊരു മികച്ച പ്രകടനം ബാലു വർഗീസിന്റെതാണ്... ഇതുവരെ ചെയ്തിട്ടുള്ളതിൽ നിന്നും വളരെ വ്യത്യസ്തമായ കഥാപാത്രം ബാലു മനോഹരമാക്കി..എന്നിരുന്നാലും ബാലുവിന്റെ ഡയലോഗ് മോഡുലേഷൻ 'സ്ഥിരം കൊച്ചി' ശൈലിയിൽ നിന്ന് വിട്ടുപോരാൻ അല്പം മടി കാണിക്കുന്നത് പോലെ അനുഭവപ്പെട്ടു..സാമ്പത്തിന്റെ കൂട്ടുകാരൻ ആയ, ഗുണ്ട ആയ സജി വൈപ്പിൻ ആയെത്തിയ സജിൻ ഗോപുവും സജി വായിപ്പിന്റെ അസിസ്റ്റന്റ് ആയെത്തിയ പാലക്കാടുകാരൻ പയ്യനും അർജുൻ അശോകന്റെ അമ്മയുടെ വേഷം ചെയ്ത നടിയും ഉൾപ്പടെ അഭിനയിച്ച ഒട്ടുമിക്ക നടീനടന്മാരുടെയും പ്രകടനങ്ങൾ വളരെ നന്നായി, ചുരുക്കം ചിലർ ഒഴികെ... ഇവന്റ് മാനേജ്മെന്റ് കാരൻ ആയി വന്ന അഭിരാം രാധാകൃഷ്ണൻ അതിഗംഭീരം ആക്കി.... അങ്ങനെ ഒരു ആളെ കിട്ടിയാൽ ഏതു പരിപാടിയും ഗംഭീരം ആകും..

അസ്സോസിയേറ്റ് ക്യാമറാമാൻ ആയും അസിസ്റ്റന്റ് ഡയറക്ടർ ആയും ഒക്കെ മുൻപും സിനിമയുടെ ഭാഗം ആയിരുന്ന ചിദമ്പരത്തിന്റ കന്നി സംവിധാനസംരംഭം ആണ് ജാൻ എ മൻ.. തിരക്കഥ എഴുതിയിരിക്കുന്നത് ചിദംബരവും ഗണപതിയും സപ്നേഷ് വാരച്ചാലും ചേർന്ന് ആണ്..സംഗീതം ബിജിപാലും ഛായാഗ്രഹണം വിഷ്ണു തണ്ടശ്ശേരിയും ആണ്..
തുടക്കത്തിൽ പടം ട്രാക്കിൽ ആകാൻ എടുക്കുന്ന സമയത്ത് ഉണ്ടാകുന്ന ചെറിയ ലാഗ് ഒഴിച്ചാൽ പിന്നീട് അങ്ങോട്ട് രസകരം ആണ്...തീയേറ്ററുകൾ വീണ്ടും തുറന്ന ഈ സമയത്ത് കുടുംബവും ഒത്തു പോയി കാണാവുന്ന ക്ലീൻ എന്റെർറ്റൈനെർ ആണ് ജാൻ എ മൻ..മുഖത്തും മനസ്സിലും വിടരുന്ന ഒരു പുഞ്ചിരിയോടെ മാത്രമേ തീയേറ്റർ വിട്ടിറങ്ങാൻ സാധിക്കൂ...